REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 18-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറും, പശ്ചിമബംഗാളും സന്ദർശിയ്ക്കും. നിരവധി വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.**
- **ഇന്ത്യൻ സൈന്യം ആകാശ് പ്രൈം സംവിധാനം വിജയകരമായി പരീക്ഷിച്ചു. നാവികസേനയുടെ 'INS - നിസ്താർ' വിശാഖപട്ടണത്ത് ഇന്ന് കമ്മീഷൻ ചെയ്യും.**
- **മലപ്പുറം നഗരസഭയിലെ അങ്കണവാടികൾ പൂർണമായും ഹൈടെക്കായി.**
- **സംസ്ഥാനത്ത് ഇന്നും അതിശക്ത മഴയ്ക്ക് സാധ്യത-കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിൽ റെഡ് അലർട്ട്- മൂന്ന് ജില്ലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ R പ്രഗ്നാനന്ദ, ലാസ്‌വെഗാസ് ഫ്രീസ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ക്വാർട്ടറിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറും, പശ്ചിമബംഗാളും സന്ദർശിയ്ക്കും. രാവിലെ ബിഹാറിൽ കിഴക്കൻ ചമ്പാരൻ ജില്ലയിലെ മോത്തിഹാരിയിൽ 7,200 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്).....

പൂർത്തിയായ പദ്ധതികൾ നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി, പുതിയ നിരവധി പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. ബിഹാറിലെ പ്രധാന നഗരങ്ങളെ മറ്റു നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന നാല് അമൃത് ഭാരത് ട്രെയിനുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. മോത്തിഹാരി ഗാന്ധി മൈതാനത്തെ പൊതുയോഗത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

ഉച്ചകഴിഞ്ഞ് പശ്ചിമബംഗാളിലെത്തുന്ന പ്രധാനമന്ത്രി പശ്ചിമ ബർദ്വാൻ ജില്ലയിലെ ദുർഗാപൂരിൽ 5,000 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. റെയിൽ, റോഡ്, IT, മത്സ്യമേഖല എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇരു സംസ്ഥാനത്തും പ്രധാനമന്ത്രി നാടിന് സമർപ്പിക്കുന്നത്.

✪✪✪

കേന്ദ്രഗവൺമെന്റ് ഇതുവരെ ഒരു ലക്ഷത്തി 77,000 ത്തിൽപ്പരം ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ നിർമ്മിച്ചതായി കേന്ദ്രമന്ത്രി JP നദ്ദ അറിയിച്ചു. ഇവിടങ്ങളിൽ ടെലികൺസൾട്ടൻസി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

ആരോഗ്യകരമായ പ്രതിരോധ, പ്രോത്സാഹന, രോഗശാന്തി ചികിത്സാ സേവനങ്ങൾ രാജ്യത്ത് നൽകുന്നതിന് ഹോളിസ്റ്റിക് സമീപനത്തോടെയാണ് ഗവണ്മെന്റ് പ്രവർത്തിക്കുന്നതെന്ന4ും നദ്ദ വ്യക്തമാക്കി.

✪✪✪

ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈലുകളായ പൃഥ്വി -2 , അഗ്നി-1 എന്നിവ ഒഡീഷയിലെ ചാന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ വിജയകരമായി പരീക്ഷിച്ചെന്ന് രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു. എല്ലാ സാങ്കേതിക - പ്രവർത്തന മാനദണ്ഡങ്ങളും, പരീക്ഷണത്തിൽ കൃത്യമായി കണ്ടെത്താനായെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

ഇന്ത്യൻ സൈന്യത്തിന്റെ ആകാശ് വെപ്പൺ സംവിധാനത്തിന്റെ പരിഷ്ക്കരിച്ച രൂപം ' ആകാശ് പ്രൈം' വിജയകരമായി പരീക്ഷിച്ചു. ഉയരത്തിൽ പറക്കുകയായിരുന്ന രണ്ട് അതിവേഗ ലക്ഷ്യങ്ങളെ കൃത്യമായി നശിപ്പിക്കാൻ സംവിധാനത്തിന് കഴിഞ്ഞതായി സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സംവിധാനത്തിന്റെ വിജയം സൈനികശേഷിയിലെ നാഴികക്കല്ലാണെന്ന് വിശേഷിപ്പിക്കുന്നു.

✪✪✪

ഇന്ത്യൻ നാവികസേന തദ്ദേശീയമായി നിർമ്മിച്ച ഡൈവിംഗിനെ പിന്തുണയ്ക്കുന്ന ജലയാനം 'INS - നിസ്താർ' ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. ആഴക്കടൽ ഡൈവിംഗിനും അന്തർവാഹിനി രക്ഷാപ്രവർത്തനത്തിനും ഉപയോഗിക്കാവുന്ന ജലയാനമാണിത്. രാജ്യരക്ഷാ ഉപകരണങ്ങൾ തദ്ദേശീയമായി നിർമ്മിക്കുന്ന ആത്മനിർഭർ പദ്ധതിയിലാണ് നിസ്താർ നിർമ്മിച്ചത്. കമ്മീഷനിംഗ് ചടങ്ങിൽ കേന്ദ്രസഹമന്ത്രി സഞ്ജയ് സേത്, നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് K ത്രിപാഠി തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ നൽകരുതെന്ന് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ മാധ്യമങ്ങളോട് അഭ്യർത്ഥിച്ചു. അന്വേഷണം തുടരുമ്പോൾ, തെറ്റായ വാർത്തകൾ നൽകുന്നത് നിരുത്തരവാദപരമാണെന്നും, അന്തിമ അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതുവരെ കാത്തിരിക്കണമെന്നും AAIB അഭ്യർത്ഥിച്ചു.

✪✪✪

മലപ്പുറം നഗരസഭയിലെ മുഴുവൻ അങ്കണവാടികളും ഹൈടെക്കായി. കേന്ദ്ര മന്ത്രി ജയന്ത് ചൗധരി ഇന്നലെ ഇതിന്റെ പ്രഖ്യാപനം നടത്തി.

ജില്ലാപ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

.....(വോയ്സ്).......

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകി. ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓറഞ്ചും പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

കനത്ത മഴ ഉണ്ടാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്.

കാസർകോട് ജില്ലയിൽ പ്രധാന നദികളെല്ലാം കരകവിഞ്ഞ് ഒഴുകുകയാണ്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി.

✪✪✪

കണ്ണൂർ ജില്ലയിൽ റെഡ് അലർട്ട് തുടരുന്നുണ്ടെങ്കിലും മഴയുടെ തീവ്രത കുറവാണ്. രാത്രിയിലും ശക്തമായ മഴയുണ്ടായില്ല.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)...........

✪✪✪

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഇന്ന് നിലമ്പൂർ  അമൽ കോളജിലെ ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്യും.  രാവിലെ കോളജിലെ വനിതാഹോസ്റ്റൽ  ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം നൈപുണ്യ വികസന കേന്ദ്രം സന്ദർശിയ്ക്കും.  തുടർന്നാണ് ബിരുദദാന സമ്മേളനം.

✪✪✪

പാഠഭാഗങ്ങൾക്കപ്പുറത്തെ പഠന സാധ്യതകളും അവസരങ്ങളും മനസിലാക്കി വിദ്യാർഥികൾ മുന്നോട്ട് പോകണമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. ആലപ്പുഴ സ്റ്റുഡന്റ്സ് ഇന്നവേറ്റീവ് ഒളിംപ്യാഡ് പദ്ധതിയിലെ ജേതാക്കളെ അനുമോദിക്കുന്ന പരിപാടി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.  വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ വിജയം നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്.

✪✪✪

ദേശീയ ശുചിത്വ റാങ്കിംഗിൽ കേരളം തിളക്കമേറിയ നേട്ടം കൈവരിച്ചതായി മന്ത്രി MB രാജേഷ് ഫേസ്ബുക്ക് പോസ്റ്റിൽ അറിയിച്ചു.  രാജ്യത്തെ 100 ശുചിത്വനഗരങ്ങളുടെ പട്ടികയിൽ കേരളത്തിലെ എട്ട് നഗരങ്ങൾ ഇടംനേടിയെന്ന സന്തോഷം അദ്ദേഹം പങ്കുവെച്ചു.  സംസ്ഥാനത്തെ 93 നഗരസഭകളിൽ 82 ഉം ഇക്കുറി മികച്ച ആയിരം റാങ്കിൽ ഇടം നേടി. തിളക്കമേറിയ നേട്ടം സ്വന്തമാക്കിയ നഗരസഭകളെയും ഭരണസമിതികളെയും മന്ത്രി അഭിവാദ്യം ചെയ്തു.

✪✪✪

ദേശീയ ശുചിത്വ സർവേയായ സ്വച്ഛ് സർവ്വേക്ഷൻ 2024, ഗാർബേജ് ഫ്രീ സിറ്റി- സ്റ്റാർ റേറ്റിംഗ്, ODF പ്ലസ് എന്നിവയിൽ ആലപ്പുഴ ജില്ലയിലെ നഗരസഭകൾ

മികച്ച നേട്ടം സ്വന്തമാക്കി. ഇടത്തരം നഗരങ്ങളുടെ വിഭാഗത്തിൽ സംസ്ഥാനത്ത് ആലപ്പുഴ നഗരസഭ ഒന്നാമതും, ദേശീയ തലത്തിൽ 80-ാം സ്ഥാനത്തും എത്തി. ഇതാദ്യമായാണ് കേരളത്തിൽ നിന്ന് ഒരു നഗരസഭ ദേശീയ തലത്തിലെ ആദ്യ നൂറിൽ എത്തുന്നത്.

✪✪✪

അമരിക്കയിലെ ലാസ് വെഗാസിൽ ഫ്രീസ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ടൂർ നാലാം പാദത്തിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ R പ്രഗ്നാനന്ദ ക്വാർട്ടറിൽ പ്രവേശിച്ചു. ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെ കീഴടക്കിയാണ് ക്വാർട്ടർ പ്രവേശം. ഇന്ത്യയുടെ ലോക അഞ്ചാം നമ്പർ അർജ്ജുൻ എരിഗാസിയും ക്വാർട്ടറിൽ പ്രവേശിച്ചിട്ടുണ്ട്.

✪✪✪

2030 ആവുമ്പോഴേക്കും മനുഷ്യർക്ക് പകരം നിർമ്മിതബുദ്ധി ജോലികൾ ഏറ്റെടുക്കുമെന്ന് സ്പീക്കർ A.N ഷംസീർ അഭിപ്രായപ്പെട്ടു. കോട്ടയ്ക്കൽ നഗരസഭയിലെ AI സാക്ഷരത മിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമീപ ഭാവിയിൽ AI ഉപയോഗത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടി വരുമെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

കൊല്ലം-തേനി ദേശീയപാത 183 ന്റെ നിർദ്ദിഷ്ട അലൈൻമെന്റ് അടിയന്തരമായി പുനപ്പരിശോധിക്കണമെന്ന് മന്ത്രി സജി ചെറിയാൻ ആവശ്യപ്പെട്ടു. കൊല്ലകടവ് - ആഞ്ഞിലിച്ചുവട് ഭാഗത്തും, MC റോഡിൽ പ്രാവിൻകൂട് വരെ പ്രദേശത്തും 3,000 ത്തോളം വീടുകൾക്കും കടകൾക്കും അലൈൻമെന്റ് നഷ്ടമുണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

BJP സംസ്ഥാന ഭാരവാഹി യോഗം രാവിലെ തിരുവന്തപുരത്ത് മാരാർജി ഭവനിൽ ചേരും. നിയുക്ത രാജ്യസഭാ എം പി സദാനന്ദൻ മാസ്റ്റർക്ക് യോഗത്തിൽ സ്വീകരണം നൽകും. BJP യുടെ പുതിയ സംസ്ഥാന ഭാരവാഹികളുടെ ആദ്യ യോഗമാണിത്.

സദാനന്ദൻ മാസ്റ്റർക്ക് രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിൽ BJP പ്രവർത്തകർ സ്വീകരണം നൽകും.

✪✪✪

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് KPCC സംഘടിപ്പിക്കുന്ന ഉമ്മൻചാണ്ടി സ്മൃതി സംഗമം

രാവിലെ ലോകസ്ഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യും. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച 12 വീടുകളുടെ താക്കോൽ ദാനവും KPCC യുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം രാഹുൽ ഗാന്ധി നിർവഹിക്കും.

✪✪✪

നോർക്ക റൂട്ട്സ് ഡയറക്ടറും ലോക കേരള സഭ അംഗവുമായ ഡോ. M. അനിരുദ്ധൻ അന്തരിച്ചു. വടക്കേ അമേരിക്കയിലെ മലയാളികളുടെ സംഘടനയായ ഫൊക്കാനയുടെ സ്ഥാപകനും, ആദ്യ പ്രസിഡന്റുമായിരുന്നു അദ്ദേഹം. കൊല്ലം ഓച്ചിറ സ്വദേശിയാണ്. പോഷക ഗവേഷണ, ഉത്പാദന രംഗത്തും പ്രവാസി ഇന്ത്യക്കാരുടെ സാമൂഹികക്ഷേമത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് അനിരുദ്ധന് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

✪✪✪

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂളിൽ വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഇന്ന് അന്വേഷണത്തിന് സ്കൂളിലെത്തും. ശാസ്താംകോട്ട DYSP യുടെ നേതൃത്വത്തിൽ ഇന്നലെ അന്വേഷണം ആരംഭിച്ചു. KSEB യും വകുപ്പുതല അന്വേഷണം നടത്തുന്നുണ്ട്.

✪✪✪

---

*News Editor: അനിൽ ചന്ദ്രൻ*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൽ കബീർ, ശരണ്യ രാജൻ*
*DEO: ഷീബ*